പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5361 15.11.2019-ലെ മറുപടിക്ക്

## ശങ്കരമംഗലം കേന്ദ്രീകരിച്ച് പുതിയ ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചവറ നിയോജക മണ്ഡലത്തിലെ ശങ്കരമംഗലം ജംഗ്ഷൻ കേന്ദ്രീകരിച്ച് കെ. എസ്. ആർ. ടി. സി. യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | കൊല്ലത്തും, കരുനാഗപ്പള്ളിയിലും നിലവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ പ്രവർത്തിച്ച് വരുന്നുണ്ട്.<br>ഒരു ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം സൗജന്യമായി ഗ്രാമപഞ്ചായത്തോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഒരുക്കി തന്നാലും കെ.എസ്.ആർ.ടി.സി ഓഫീസ് പ്രവർത്തിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് പ്രതിവർഷം ശരാശരി 40 ലക്ഷം രൂപയെങ്കിലും ആവർത്തന ചെലവ് വരുമെന്നാണ് കെ.എസ്.ആർ.ടി.സി കണക്കാക്കിയിരിക്കുന്നത്. നിലവിലുള്ള സാഹചര്യങ്ങളിൽ ശങ്കരമംഗലത്ത് ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് കൂടുതൽ പ്രയോജനകരമായിരിക്കുമെന്ന് കരുതുവാൻ കഴിയുകയില്ല. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുമുള്ള പുതിയ ബാധ്യതകളൊന്നും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതുമാണ്. ആയതിനാൽ ശങ്കരമംഗലത്ത് ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നിലവിൽ ശങ്കരമംഗലം - കാട്ടിൽ ക്ഷേത്രം സർവ്വീസ് നടത്തുന്നതിനായി കെ. എസ്. ആർ. ടി. സി. നിയോഗിച്ചിട്ടുള്ള സ്റ്റാഫിനെ ഉപയോഗിച്ച് ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**